പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2991 — 15/12/2015 ൽ മറുപടിക്ക്

## ഭൂമി പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൊച്ചി താലൂക്ക് ഓഫീസിന്റെ പരിധിയിലുള്ള പ്രദേശങ്ങളിൽ ഭൂമി പോക്കുവരവ് ചെയ്ത് കിട്ടുന്നതിനുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വളരെക്കാലമായി ഇത്തരത്തിൽ പരാതികളുണ്ടായിട്ടും ഇത് പരിഹരിക്കപ്പെടാത്തത് എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) കൊച്ചി താലൂക്ക് ഓഫീസിൽ ലഭിക്കുന്ന പോക്കുവരവ് അപേക്ഷകളിൽ ഭൂരിഭാഗവും പുറമ്പോക്ക് പതിവ്/ദേവസ്വം പാട്ടാവകാശം/ ലാന്റ് ട്രൈബ്യൂണൽ കുടികിടപ്പവകാശം എന്നിവ പ്രകാരമുള്ള പട്ടയങ്ങളിൽ നിന്നും ആധാരങ്ങൾ എഴുതി നൽകിയിട്ടുള്ള കൈമാറ്റ അപേക്ഷകളാണ് ലഭിക്കുന്നത്. കൂടാതെ 15 വില്ലേജുകൾ ഉള്ളതിൽ 8 വില്ലേജുകളിൽ മാത്രമാണ് റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളത്. റീസർവ്വേ പൂർത്തിയായിട്ടുള്ള വില്ലേജുകളിൽ ധാരാളം റിസർവ്വേ അപാകതകൾ സർവ്വേയർമാരുടെ സേവനമുപയോഗിച്ച് പരിഹരിക്കേണ്ട ആവശ്യകത ഉണ്ടാകുന്നുണ്ട്. മേൽപറഞ്ഞ പട്ടയങ്ങളുടെ നിജസ്ഥിതി ഉറപ്പു വരുത്തേണ്ട സാഹചര്യങ്ങളും കാരണമാണ് സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുവാൻ കഴിയാത്തത്. |
| (സി) ഭൂമി പോക്കുവരവ് ചെയ്ത് കിട്ടുന്നതിനായി നിലവിൽ എത്ര അപേക്ഷകളുണ്ടെന്നും ഇവ പരിഗണനയ്ക്കെത്തിയിട്ട് എത്ര നാളായെന്നും വിശദമാക്കാമോ; | (സി) 2015 നവംബർ മാസം 30-ാം തീയതി വരെ 425 അപേക്ഷകൾ നിലവിലുണ്ട്. |

| | |
|---|---|
| (ഡി) കഴിഞ്ഞ ഒരു വർഷക്കാലയളവിൽ പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.<br>(എ) താലൂക്ക് പരിധിയിൽ വരുന്ന 15 വില്ലേജുകളിലെയും പോക്കുവരവ് അപേക്ഷകൾ അഡീഷണൽ തഹസീൽദാർ നേരിട്ട് പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്ന രീതിയാണ് തുടർന്നു പോന്നിരുന്നത്. അപേക്ഷകളുടെ ബാഹുല്യം കൊണ്ട് ഇക്കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് തർക്കരഹിത അപേക്ഷകൾ 2 വില്ലേജുകൾക്ക് ഒരു ചാർജ്ജ് ഓഫീസർ എന്ന നിലയ്ക്ക് നിയമിച്ച് അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കി വരുന്നുണ്ട്.<br>(ബി) ലഭിക്കുന്ന അപേക്ഷകളിൽ നിയമ പ്രശ്നങ്ങളോ സാങ്കേതിക അപാകതകളോ ഇല്ലാത്തവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും അപ്രകാരം നടപ്പിലാക്കി വരുന്നുമുണ്ട്.<br>(സി) കൂടുതൽ സർവ്വെയർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ശ്രമിച്ചു വരുന്നു.<br>(ഡി)ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ